# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

07.06.2018-ന് മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1394

## സ്കൂളുകളിൽ ശാസ്ത്രപോഷിണി ലാബുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഏതെല്ലാം വിഭാഗങ്ങളിൽപ്പെട്ട സ്കൂളുകളിലാണ് ശാസ്ത്രപോഷിണി ലാബുകൾ സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിച്ചതെന്നും ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ഹൈസ്കൂളുകളിലും ഘട്ടംഘട്ടമായി ഈ പദ്ധതി നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1) കുട്ടികളിൽ ശാസ്ത്രത്തോടുള്ള അഭിരുചി വളർത്തുക.<br>2) കുട്ടികൾക്ക് ശാസ്ത്രം സ്വയം പഠിച്ച് വളരാനുള്ള സാഹചര്യം ഒരുക്കുക.<br>3) കുട്ടികളിൽ പുതുമയാർന്ന ആശയങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിന് പ്രോത്സാഹനവും പ്രചോദനവും നൽകുക.<br>4) ലബോറട്ടറി പരീക്ഷണങ്ങളുടെ സഹായത്തോടെ ശാസ്ത്രീയമായ ആശയങ്ങൾ കുട്ടികളിലേക്ക് പകർന്നുനൽകുന്നതിനുവേണ്ടി അദ്ധ്യാപകർക്ക് വേണ്ട സാഹചര്യം സൃഷ്ടിക്കുക. |
| (ബി) പ്രസ്തുത ലാബുകൾക്കായി നിർദ്ദിഷ്ട രൂപരേഖ (type design) ഉണ്ടോ; ഇവയുടെ | (ബി) ഉണ്ട്. ഈ പദ്ധതി പ്രകാരം ഫിസിക്സ്, കെമിസ്ട്രി, ബയോളജി തുടങ്ങിയ വിഷയങ്ങളിൽ കേരളത്തിലെ ഹൈസ്കൂൾ |

| | |
|---|---|
| നിർവ്വഹണചുമതല നിക്ഷിപ്തമാക്കിയത് ആരിലാണ് ; വിശദമാക്കുമോ; | പാഠ്യപദ്ധതി ബന്ധപ്പെടുത്തിയുള്ള പരീക്ഷണങ്ങൾ കുട്ടികൾക്ക് ചെയ്യുന്നതിനായി ലബോറട്ടികൾ സ്ഥാപിക്കുക.<br>ഈ പദ്ധതി കേരളത്തിലെ ഹൈസ്കൂളുകളിൽ നടപ്പിലാക്കി വരുന്നത് ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലാണ്. |
| (സി) കൊല്ലം ജില്ലയിൽ എത്ര സ്കൂളുകളിൽ പ്രസ്തുത ലാബുകൾ സ്ഥാപിച്ചുവെന്നും അത് എവിടെയെല്ലാമാണെന്നും വിശദമാക്കുമോ? | (സി) കൊല്ലം ജില്ലയിൽ 10 സ്കൂളുകളിൽ പ്രസ്തുത ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>1) ഗവ.എച്ച്.എസ്.എസ്. കുമ്മിൾ, കടയ്ക്കൽ<br>2) ജി.വി.എച്ച്.എസ്., കുളക്കട, കൊട്ടാരക്കര.<br>3) ജി.എച്ച്.എസ്.എസ്. അഞ്ചാലുംമൂട്, പെരിനാട്, കൊല്ലം.<br>4) ഗവ.മോഡൽ എച്ച്.എസ്.എസ്. ഫോർ ബോയ്സ്, കൊല്ലം.<br>5) ഗവ.എച്ച്.എസ്.എസ്. മങ്ങാട്, കൊല്ലം.<br>6) ഗവ.എച്ച്.എസ്.എസ്., കുലശേഖരപുരം, ക്ലാപ്പന പി.ഒ., കൊല്ലം.<br>7) ജി.വി.എച്ച്.എസ്.എസ്. & എച്ച്.എസ്.എസ്., കരുനാഗപ്പള്ളി, കൊല്ലം.<br>8) ജി.എച്ച്.എസ്.എസ്. വെള്ളമണൽ, മയ്യനാട്, കൊല്ലം.<br>9) ജി.എച്ച്.എസ്.എസ്. തൊടിയൂർ, തൊടിയൂർ നോർത്ത്, കൊല്ലം.<br>10) ജി.എച്ച്.എസ്.എസ്., പരവൂർ തെക്കുംഭാഗം, പരവൂർ, കൊല്ലം. |

Namitha

സെക്ഷൻ ഓഫീസർ